പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:469 22.07.2015 ലെ മറുപടിക്ക്

## കേസന്വേഷണങ്ങൾ

| ചോദ്യം<br>ശ്രീ. എസ്.ശർമ്മ<br>" കോടിയേരി ബാലകൃഷ്ണൻ<br>" കെ.വി.വിജയദാസ്<br>" കെ.കെ.ജയചന്ദ്രൻ | മറുപടി<br><br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തെളിയിക്കുന്നതിലും പോലീസിന് വീഴ്ച സംഭവിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ; | എ) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തെളിയിക്കുന്നതിലും പോലീസിന് വീഴ്ച പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള സംവിധാനങ്ങളും സാങ്കേതിക സൗകര്യങ്ങളും ഉപയോഗിച്ച് കാര്യക്ഷമമായ രീതിയിൽ അന്വേഷണം നടത്തി കുറ്റകൃത്യങ്ങൾ തെളിയിച്ചു വരുന്നുണ്ട്. നിലവിലുള്ള നിയമങ്ങളും മനുഷ്യാവകാശ പരിരക്ഷയും ഉറപ്പാക്കി ലഭ്യമായ എല്ലാ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെയാണ് കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതും തെളിയിക്കുന്നതും. |
| ബി) ക്രൈംബ്രാഞ്ച് ഇൻവെസ്റ്റിഗേഷൻ വകുപ്പിനെ പുന:സംഘടിപ്പിക്കുന്നതിന് പോലീസ് മേധാവി ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | ബി) യും (സി) യും: ക്രൈംബ്രാഞ്ച് വിഭാഗം ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് (എം.എസ്) നം. 124/2014/ആഭ്യന്തരം, 17.06.2014 പ്രകാരം 19 |

| | |
|---|---|
| സി) പ്രമാദമായ കേസുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിന് കൂടുതൽ ചുമതല നൽകിയിട്ടുണ്ടോ; | പോലീസ് ജില്ലകളിലും നിലവിലുള്ള ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റിനെ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ച് (ഡി.സി.ബി) എന്നായി പുനർനാമകരണം ചെയ്യുകയും ഓരോ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രമാദമായ കേസുകൾ അന്വേഷിക്കുന്നതിനും ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ആക്ഷേപങ്ങൾ ഉയരുന്ന സന്ദർഭത്തിലും അത്തരം കേസുകൾ അന്വേഷിക്കുന്നതിനുമായി അതാത് ജില്ലകളിലെ ഡിസ്ട്രിക്റ്റ് ക്രൈംബ്രാഞ്ചിന് ചുമതല നൽകിയിട്ടുണ്ട്. ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ച് (ഡി.സി.ബി)-ലേക്ക് ഉള്ള കുറ്റാന്വേഷണ കേസുകളിൽ കഴിവ് തെളിയിച്ചിട്ടുള്ളതും 'പ്രഫഷണൽ' മികവും ഉള്ള ഉദ്യോഗസ്ഥരെ മാത്രമേ പരിഗണിക്കുകയുള്ളൂ. കുട്ടികളും സ്ത്രീകളും ഉൾപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ വനിത പോലീസ്കാരുടെ മതിയായ പ്രാതിനിധ്യവും ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ക്രൈംബ്രാഞ്ച് ഇൻവെസ്റ്റിഗേഷൻ വകുപ്പിനെ പുനർഘടന നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും സർക്കാരിന് ശുപാർശ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്. കൂടാതെ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്രൈംബ്രാഞ്ചിന് ആവശ്യമായ ഓഫീസുകളുടെ നിർമ്മാണം, വാഹനങ്ങൾ, ക്യാമറ എന്നിവ വാങ്ങുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| ഡി) ലോക്കൽ പോലീസിന്റെ അന്വേഷണങ്ങളെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളതായി അറിയാമോ; | ഡി) ലോക്കൽ പോലീസിന്റെ അന്വേഷണങ്ങളെ സംബന്ധിച്ച ചില സന്ദർഭങ്ങളിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേസന്വേഷണത്തിന് പുറമേ അപ്രതീക്ഷിതമായി ഉണ്ടാകുന്ന ക്രമ സമാധാനപ്രശ്നങ്ങൾ, വി. ഐ. പി സുരക്ഷ, പ്രകൃതി ദുരന്തങ്ങൾ, അപകടങ്ങൾ എന്നിവ നേരിടുന്നതിന് കേസന്വേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള സേനാംഗങ്ങളുടെ സേവനം അടിയന്തിരമായി ലഭ്യമാക്കേണ്ടതുള്ളതിനാൽ കേസന്വേഷണചുമതലയുള്ള ഉദ്യോഗസ്ഥരുടെ ജോലിഭാരം വളരെയധികം വർദ്ധിക്കുകയും ആയതിനാൽ അപൂർവ്വം ചില കേസുകളിന്മേൽ സമയബന്ധിതമായും, കാര്യക്ഷമമായും അന്വേഷണം നടത്തുന്നതിനുള്ള സാഹചര്യത്തിന് കാലതാമസം നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാന പോലീസ് നിലവിലുള്ള സേനാംഗങ്ങളെ ഉപയോഗിച്ച് എല്ലാ കേസുകളും കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തുന്നുണ്ട്. |

| | |
|---|---|
| ഇ) പരാതികൾ ഉയർന്നു വന്നതിൻെറ പേരിൽ അത്തരം കേസുകൾ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിനെ കൊണ്ട് അന്വേഷിപ്പിക്കേണ്ടി വന്നിട്ടുണ്ടോ; വിശദമാക്കാമോ; | ഇ) ഉണ്ട്, ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലായെന്ന പരാതികൾ ഉയർന്നു വന്നതായ കേസുകൾ ജില്ലാ ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കേണ്ടിവന്നിട്ടുണ്ട്. ഇത്തരത്തിൽ 112 കേസുകൾ സംസ്ഥാനത്തെ ജില്ലാ ക്രൈംബ്രാഞ്ചുകൾ അന്വേഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ